"ഭരണഭാഷ — മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — ജീവനകാര്യം — മലപ്പുറം ജില്ലാ പഞ്ചായത്ത് — കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ പൊതുഭരണവകുപ്പിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ശ്രീ.ഹരിപ്രസാദ്.കെ-യുടെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2326/2024/LSGD തീയതി, തിരുവനന്തപുരം, 29-11-2024

---

പരാമർശം:—
1. 10.03.2013ലെ 42/13/ഫിൻ നമ്പർ സർക്കുലർ
2. 21.10.2023 ലെ സ ഉ (സാധാ) നം.2069/2023/LSGD നമ്പർ ഉത്തരവ്
3. 20.10.2022 ലെ സ ഉ (സാധാ) നം.2551/2022/LSGD നമ്പർ ഉത്തരവ്
4. 20.10.2023ലെ സ ഉ (സാധാ) 2066/2023/LSGD നമ്പർ ഉത്തരവ്
5. ശ്രീ.ഹരിപ്രസാദ് കെ സമർപ്പിച്ച 24.07.2024ലെ അപേക്ഷ
6. മലപ്പുറം ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ 19.07.2024ലെ P4-3640/2022/DPMLPM നമ്പർ കത്ത്
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2024 ലെ LSGD/PD/61925/2023/LSGD നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനത്തിൽ നിയമിച്ച പൊതുഭരണ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, ശ്രീ. ഹരിപ്രസാദ്. കെ യുടെ അന്യത്രസേവനകാലാവധി 19.10.2024 ന് അവസാനിക്കുന്നതിനാൽ പ്രസ്തുത അന്യത്ര സേവനകാലാവധി ദീർഘിപ്പിക്കുന്നതിനായുള്ള പരാമർശം (5) പ്രകാരമുള്ള ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ശിപാർശ ചെയ്ത് മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (6) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. കൊല്ലം / പത്തനംതിട്ട/ എറണാകുളം/ മലപ്പുറം/ കോഴിക്കോട്/ വയനാട്/ കണ്ണൂർ എന്നീ ജില്ലകളിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള by promotion മുഖേനയാണ് നിയമനം നടത്തേണ്ടത് എന്നതിനാൽ ശ്രീ. ഹരിപ്രസാദ്.കെ — യുടെ അന്യത്ര സേവന കാലാവധി by promotion വഴി നിയമനം നടത്തുന്നതുവരെ എന്ന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് പരാമർശം (7) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീ.ഹരിപ്രസാദ് കെ-യുടെ മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവനം, മലപ്പുറം ജില്ലയിലെ ലോവർഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള by promotion നിയമനം നടത്തുന്നത് വരേയോ 20.10.2024 മുതൽ ഒരു വർഷത്തേക്കോ ഏതാണോ ആദ്യം അത് വരെ പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്കും അന്യത്രസേവന അടിസ്ഥാനത്തിലുള്ള നിയമനം സംബന്ധിച്ചുള്ള നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രസിഡന്റ് / സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്
3.പൊതുഭരണ സർവ്വീസസ് (ഇ) വകുപ്പ് (18.11.2024ലെ എസ്ഇ2/215/2024-ജിഎഡി നമ്പർ യു ഒ റിമാർകസ് പ്രകാരം)
4.ശ്രീ. ഹരിപ്രസാദ് കെ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, (മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.അക്കൗണ്ടന്റ് ജനറൽ(എൽ ബി & എ) ) കേരള, തിരുവനന്തപുരം
7.ഡയറക്ടർ. ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.165/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 30-11-2024 11:20:18
സെക്ഷൻ ഓഫീസർ